/

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

നം. 318781/ഇഎം1/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 27.10.2015

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- 1. 14.10.2015-ലെ സ.ഉ.(സാധാ) നം. 3129/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. 19.10.2015-ലെ സ.ഉ.(സാധാ) നം. 3145/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3. 20.10.2015-ലെ കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 6330/ബി/2015/സം.തി.ക. നമ്പർ കത്ത്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലേക്കും ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ജില്ലാ പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും 2015 നവംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫല പ്രഖ്യാപനവും കഴിഞ്ഞതിനുശേഷം, പൊതുതിരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും അത് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച്, സൂചന (3) പ്രകാരം തീയതി നിശ്ചയിക്കുവാനും, പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫല പ്രഖ്യാപനവും കഴിഞ്ഞതിനുശേഷം, സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകുവാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭരണ സമിതിയുടെ കാലാവധി 31.10.2015, 5.11.2015 തീയതികളിൽ അവസാനിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും 2015 നവംബർ 12-ാം തീയതി സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കേണ്ടതാണ്.

2. ഭരണ സമിതിയുടെ കാലാവധി 11.11.2015 വരെ പൂർത്തിയാക്കാത്ത സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളുടേയും സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ അനുബന്ധമായി ചേർത്തിട്ടുള്ള തീയതികളിൽ നടത്തേണ്ടതാണ്.

3. സംസ്ഥാനത്തെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ ആദ്യ അംഗത്തെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കുന്നത് അതാതു പഞ്ചായത്തിന്റെ വരണാധികാരി ആയിരിക്കും. മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിലും ബന്ധപ്പെട്ട വരണാധികാരി ആയിരിക്കും ഈ കർത്തവ്യം നിർവ്വഹിക്കുന്നത്. എന്നാൽ ഒന്നിൽ കൂടുതൽ വരണാധികാരികളുള്ള മുനിസിപ്പൽ കൗൺസിലുകളിൽ, പ്രത്യേകം നിയോഗിക്കപ്പെട്ട വരണാധികാരി ആയിരിക്കും ഈ കർത്തവ്യം നിർവ്വഹിക്കേണ്ടത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് ആദ്യ അംഗത്തെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടത്. മേൽപ്പറഞ്ഞ പ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരും മുനിസിപ്പാലിറ്റികളുടെയും നഗരസഭകളുടെയും കാര്യത്തിൽ അതാതു മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ അതാതു ജില്ലാ കളക്ടർമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിജ്ഞയെടുക്കൽ ചടങ്ങുകൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന്റെ സമഗ്ര മേൽനോട്ടം അതത് ജില്ലാ കളക്ടർമാർക്കായിരിക്കും.

4. ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ ഒരു അംഗത്തെ ഈ ആവശ്യത്തിലേക്കായി നാമനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർ കണ്ടുപിടിക്കേണ്ടതും ആ അംഗത്തിനോട് 1,2 ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതിയിൽ പ്രതിജ്ഞയെടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാകാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും സംഗതിയിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നിശ്ചയിച്ചിട്ടുള്ള തീയതിയിൽ രാവിലെ 10 മണിക്കും മുനിസിപ്പൽ കോർപ്പറേഷനുകളുടെ സംഗതിയിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ മേൽപ്പറഞ്ഞ പ്രകാരം നിശ്ചയിക്കപ്പെട്ട തീയതിയിലെ പകൽ 11.30 മണിക്കുമാണ് നടത്തേണ്ടത്.

5. ഓരോ തദ്ദേശ ഭരണസ്ഥാപനത്തിലേയും തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും അതത് സംഗതിപോലെ മുകളിൽ തീരുമാനിച്ച പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിജ്ഞയെടുക്കൽ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

6. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളേയും ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത അംഗം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടതാണ്. ഈ കാര്യത്തിൽ വരണാധികാരിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

7. സത്യപ്രതിജ്ഞ ചടങ്ങ് കഴിഞ്ഞാലുടൻ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യയോഗം ചേരേണ്ടതാണ്. അപ്രകാരം ചേരുന്ന യോഗത്തിൽ ആദ്യം പ്രതിജ്ഞ ചെയ്ത അംഗം അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. ഇപ്രകാരം ചേരുന്ന യോഗത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ/വൈസ് പ്രസിഡന്റ്/വൈസ്ചെയർപേഴ്സൺ/ ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നതാണെന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് പ്രസ്തുത തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറി വായിക്കേണ്ടതാണ്. ഇതിനായി കമ്മീഷനിൽ നിന്നുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ലഭ്യമാകുന്നതാണ്.

8. പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ/വൈസ് പ്രസിഡന്റ്/വൈസ്ചെയർപേഴ്സൺ/ ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്, അതത് തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള വരണാധികാരികൾ നടത്തേണ്ടതാണ്. അതിന്റെ റിപ്പോർട്ട് ഇലക്ഷൻ കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട വരണാധികാരികൾ നൽകേണ്ടതാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരണങ്ങൾ ഏർപ്പാടു ചെയ്യുവാൻ ബന്ധപ്പെട്ട എല്ലാവരോടും നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**,
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

## അനുബന്ധം

## പട്ടിക

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി. |
|---|---|---|---|
| 1. | നന്നംമുക്ക് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/11/2015 |
| 2. | പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 3. | എടപ്പാൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 4. | കാവനൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/11/2015 |
| 5. | ആലങ്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 29/11/2015 |
| 6. | ആനിക്കാട് ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 30/11/2015 |
| 7. | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 8. | മാറാടി ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 9. | മുടക്കുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 10. | പാറക്കടവ് ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 11. | കുന്നുകര ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 12. | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 13. | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 14. | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2015 |
| 15. | കരീപ്ര ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 16. | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 17. | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 18. | ബുധനൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ | 01/12/2015 |
| 19. | ചെമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 20. | മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 21. | പാമ്പാടി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 22. | തലനാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 23. | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 01/12/2015 |
| 24. | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 01/12/2015 |

| | | | |
|---|---|---|---|
| 25. | എളവള്ളി ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 01/12/2015 |
| 26. | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 01/12/2015 |
| 27. | വള്ളത്തോൾ ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 01/12/2015 |
| 28. | തൃത്താല ഗ്രാമപഞ്ചായത്ത് | പാലക്കാട് | 01/12/2015 |
| 29. | വാഴയൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/12/2015 |
| 30. | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 31. | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 32. | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 33. | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 34. | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 35. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 36. | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2015 |
| 37. | പൈവളിഗെ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 01/12/2015 |
| 38. | എടവണ്ണ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 05/12/2015 |
| 39. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 17/12/2015 |
| 40. | മാമ്പാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 41. | അമരമ്പലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 42. | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2015 |
| 43. | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2015 |
| 44. | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2016 |
| 45. | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 46. | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 47. | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 48. | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 49. | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2016 |